ഫിഷറീസ് സർവ്വകലാശാലയിലെ നിയമനങ്ങൾ

208 (1978) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഫിഷറീസ് സർവ്വകലാശാലയിൽ നാളിതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് ;

(സി) ഇതിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ ;

(ഡി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) സർവ്വകലാശാലയുടെകീഴിൽ ഉണ്ടായിരുന്ന തസ്തികകളിലെ ഒഴിവ് പി.എസ്.സി. മുഖേന നികത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല.

(ബി&സി) ഇല്ല.

(ഡി-എഫ്) ബാധകമല്ല.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

209 (1679) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാരായി എത്ര പേരാണ് ജോലി ചെയ്യുന്നത് ;

(ബി) ഹാച്ചറികളിലുൾപ്പെടെ വർഷങ്ങളായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ് എന്നറിയിക്കുമോ ;

(ഡി) വർഷങ്ങളായി ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുസമർപ്പിക്കുന്നതാണ്.

(ബി-ഡി) പത്ത് വർഷത്തിനുമേൽ സേവന ദൈർഘ്യമുള്ളവരെ സ്ഥിരപ്പെടുത്താനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly